**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380** **29-01-2024 - ൽ മറുപടിയ്ക്ക്**

**മനസ്സോടിത്തിരിമണ്ണ് ക്യാമ്പയിനിലൂടെ ലഭിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 'മനസ്സോടിത്തിരിമണ്ണ് 'ക്യാമ്പയിനിലൂടെ ഭൂരഹിത -ഭവനരഹിതർക്ക് വീട് വയ്ക്കാനായി ഇതുവരെ എത്ര ഭൂമി ലൈഫ് മിഷന് ലഭിച്ചുവെന്ന് വിശദമാക്കാമോ; ഇപ്രകാരം ലഭിച്ച ഭൂമി എത്ര പേർക്ക് നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ; പാലക്കാട് ജില്ലയിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ? | (എ) | 22.01.2024 വരെ 28.64 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 15.42 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞു. വിവിധ ജില്ലകളിലായി രജിസ്ട്രേഷൻ പൂർത്തീകരിച്ച ഭൂമിയിൽ നിന്ന് വ്യക്തിഗത ഭവന നിർമ്മാണത്തിനായി 79 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 2 സ്ഥലങ്ങളിൽ (തിരുവനന്തപുരം പൂവച്ചൽ ഗ്രാമപഞ്ചായത്ത്) (എറണാകുളം നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പാലക്കാട് ജില്ലയിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3.52 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 3.22 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 11.5 സെന്റ് സ്ഥലം 3 ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ